പതിനാലാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6577 — 04.04.2018- ൽ മറുപടിക്ക്

**മലയോര ഹൈവേ നിർമ്മാണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ബി.ഡി. ദേവസ്സി** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | നിർദ്ദിഷ്ട മലയോര ഹൈവേ നിർമ്മാണം ഏത് ഘട്ടത്തിലാണ്; | (എ) | മലയോര ഹൈവേ നിർമ്മാണത്തിന്റെ ആദ്യഘട്ടത്തിൽ ഏറ്റെടുക്കുന്ന 26 പദ്ധതികളിൽ 20 പദ്ധതികളുടെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ചു. അതിൽ 4 പദ്ധതികൾക്ക് (തിരുവനന്തപുരം -1, കൊല്ലം -1, കാസർഗോഡ്-2) കിഫ്ബിയിൽ നിന്ന് അംഗീകാരം ലഭിച്ചു. ടി 4 പദ്ധതികളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചു |
| (ബി) | മലയോരഹൈവേ കടന്നുപോകുന്നത് എവിടെ നിന്നും എവിടെ വരെയാണെന്നും ഏതെല്ലാം ജില്ലകളിലൂടെയും ഭാഗങ്ങളിലൂടെയുമാണ് എന്നും വിശദമാക്കാമോ; | (ബി) | നിർദ്ദിഷ്ട മലയോര ഹൈവേ കാസർഗോഡ് നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം പാറശ്ശാല വരെയാണ് വിഭാവനം ചെയ്തിരിക്കുന്നത്. ആലപ്പുഴ ഒഴികെയുള്ള 13 ജില്ലകളിലൂടെയാണ് മലയോര ഹൈവേ കടന്നു പോകുന്നത്. മലയോര ഹൈവേയുടെ റൂട്ട് ചുവടെ ചേർക്കുന്ന പ്രകാരമാണ്:<br>കാസർഗോഡ് : നന്ദാരപ്പടവ് - ചെറുപുഴ<br>കണ്ണൂർ : ചെറുപുഴ – ബോയ്സ് ടൗൺ<br>വയനാട്: ബോയ്സ് ടൗൺ - കുങ്കിച്ചിറ<br>കോഴിക്കോട് : വിലങ്ങാട് - കക്കാടംപൊയിൽ<br>മലപ്പുറം : അരുണപ്പുഴ – പൂക്കോട്ടുപാടം<br>പാലക്കാട് : പൊൻപാറ – പന്തലാംപാടം<br>തൃശ്ശൂർ : പന്തലാംപാടം - വെറ്റിലപ്പാറ<br>എറണാകുളം : വെറ്റിലപ്പാറ – പെരുമ്പൻകുത്ത്<br>ഇടുക്കി : പെരുമ്പൻകുത്ത് - മുണ്ടക്കയം<br>കോട്ടയം : മുണ്ടക്കയം - പ്ലാച്ചേരി<br>പത്തനംതിട്ട : പ്ലാച്ചേരി - പത്തനാപുരം<br>കൊല്ലം : പത്തനാപുരം - കൊല്ലായിൽ<br>തിരുവനന്തപുരം: കൊല്ലായിൽ - പാറശ്ശാല |

| | | | |
|---|---|---|---|
| (സി) | ഇതിനായി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടികൾ ഏത് വരെയായി എന്നും ഇതിന് നിലവിൽ തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ എന്നും അറിയിക്കാമോ; | (സി) യും (ഡി) യും | മലയോര ഹൈവേ നിർമ്മാണത്തിനായി ആവശ്യമുള്ള ഭൂമി ഫ്രീ സറണ്ടറായി ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനുള്ള നടപടികൾ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ നടത്തിവരുന്നു. |
| (ഡി) | സ്ഥലത്തിന് പരമാവധി നഷ്ടപരിഹാരം നൽകുന്നതിനും ഭൂമി നഷ്ടപ്പെടുന്നവരുടെ പുനഃരധിവാസത്തിനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | | |
| (ഇ) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം ഭാഗങ്ങളിലായി എത്ര കി.മീ. ഭാഗമാണ് നിർദ്ദിഷ്ട മലയോര ഹൈവേ നിർമ്മാണത്തിൽ ഉൾപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (ഇ) | ചാലക്കുടി മണ്ഡലത്തിൽ വെള്ളിക്കുളങ്ങര മുതൽ വെറ്റിലപ്പാറ വരെയുള്ള 19.10 കി.മീ. റോഡ് ആണ് മലയോര ഹൈവേയുടെ ഭാഗമായി വരുന്നത്. |

സെക്ഷൻ ഓഫീസർ